MONDAY

16/02/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. K S

Editor : Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:** piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/02/2026

1. തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ 2026 വൈഗയോടനുബന്ധിച്ച് തിരുവനന്തപുരം ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ ഫെബ്രുവരി 16ന് രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ കർഷക പാർലമെന്റ് നടക്കും. സംസ്ഥാനത്തെ കർഷകരുടെ ശബ്ദം നയരൂപീകരണതലത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷകപാർലമെന്റ് സംഘടിപ്പിക്കുന്നത്. കേരളത്തിലെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ നിന്നും ഓരോ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാന കാർഷികരംഗം നേരിടുന്ന പൊതുവായ പ്രശ്നങ്ങളും പ്രദേശികതലത്തിൽ കർഷകർ അനുഭവിക്കുന്ന വെല്ലുവിളികളും നേരിട്ട് അവതരിപ്പിക്കാനുള്ള വേദിയായിരിക്കും കർഷകപാർലമെന്റ്. കർഷകർക്ക് അവരുടെ അഭിപ്രായങ്ങൾ, നിർദേശങ്ങൾ, അനുഭവങ്ങൾ എന്നിവ കൃഷിവകുപ്പ് മന്ത്രിയുടെയും വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെയും മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം ഇതിലൂടെ ലഭിക്കും. വിവിധ കാർഷിക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതികളുടെ പ്രാവർത്തികത, ഫീൽഡ്തലപ്രശ്നങ്ങൾ, വിപണി സൗകര്യങ്ങൾ, മൂല്യവർധന, സാങ്കേതിക പിന്തുണ, കാലാവസ്ഥാ വെല്ലുവിളികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യപ്പെടും. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങളും ഭാവിപദ്ധതികളും സംബന്ധിച്ച്നേരിട്ടുള്ള ആശയവിനിമയത്തിനും പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നതിനും പ്രത്യേക സെഷനുകളും ഉണ്ടായിരിക്കും. . കർഷക സമൂഹത്തിന്റെയും നയരൂപീകരണ സംവിധാനത്തിന്റെയും ഇടയിൽ ഫലപ്രദമായ സംവാദത്തിന് വഴിയൊരുക്കുന്ന പ്രധാനവേദിയായിരിക്കും ഈ കർഷക പാർലമെന്റ്. ഫെബ്രുവരി 16 വൈകുന്നേരം 6 മണിമുതൽ അഗ്രിസർഗ്ഗവേദി- കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളോടെ വൈഗ 2026 ന് സമാപനം.

2. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025–

ff



2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ "പോത്ത് വളർത്തൽ എന്ന വിഷയത്തിൽ 20/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

4. റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെ ടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം